സർക്കാർ പുതിയ വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുള്ളത്. പ്രസ്തുത വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമൂലം സുരക്ഷിത കുടിയേറ്റം ഉറപ്പാക്കാനും തൊഴിൽ ചൂഷണവും പീഡനവും ഇല്ലതാക്കാനും ഭീമമായ തുക ഈടാക്കി നിയമനം നടത്തുന്ന റിക്രൂട്ടിംഗ് ഏജൻസികളുടെ ചൂഷണം അവസാനിപ്പിക്കാനും കൂടുതൽ പേർക്ക് തൊഴിൽ സാധ്യത ഉറപ്പുവരുത്താനും കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

## തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തുന്ന പ്രവാസികൾ

**89 (1457)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോളതലത്തിൽ ക്രൂഡോയിലിന്റെ വിലത്തകർച്ച ഗൾഫ് രാജ്യങ്ങളിൽ എണ്ണ, പ്രകൃതിവാതക മേഖലയിൽ ജോലിനോക്കുന്ന മലയാളികളുടെ തൊഴിലിനെ ബാധിക്കുമെന്ന വാർത്ത, പത്രമാധ്യമങ്ങൾവഴി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രതിസന്ധിമൂലം ഈ വർഷം തൊഴിൽനഷ്ടപ്പെട്ട് നാട്ടിലെത്തിയ പ്രവാസികളുടെ എണ്ണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തിയ പ്രവാസികളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ആഗോളതലത്തിൽ ക്രൂഡോയിലിന്റെ വിലത്തകർച്ച ഗൾഫ് രാജ്യങ്ങളിൽ പ്രകൃതിവാതക മേഖലയിൽ ജോലി നോക്കുന്ന മലയാളികളുടെ തൊഴിലിനെ ബാധിക്കുമെന്ന വാർത്ത, പത്രമാധ്യമങ്ങൾവഴി ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി&സി) ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെട്ട് പ്രവാസിമലയാളികൾ തിരികെയെത്തിയതായി വിവരം ലഭിച്ചിട്ടില്ല.

## നേഴ് സിംഗ് റിക്രൂട്ട്മെന്റ്

**90 (1458)** ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേഴ്സുമാരുടെ വിദേശജോലി സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും നോർക്ക മുഖാന്തരം മാത്രമായി നിജപ്പെടുത്തിയിട്ടുണ്ടോ ;എങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly